**Athmaraksha.org**

മറ്റു ലേഖനങ്ങൾ

## കുരിശിനെ മുറുകെപ്പിടിക്കാം, തിന്മയെ പ്രതിരോധിക്കാം




സുപ്രസിദ്ധ നാടകകൃത്തായ ബർണാഡ് ഷായുടെ ഒരു ബൈബിൾ നാടകത്തിൽ, വിലക്കപ്പെട്ട കനി ഭക്ഷിക്കാൻ പ്രേരിപ്പിക്കുന്ന പാമ്പിനോട് ഹവ്വ ഇപ്രകാരം ചോദിക്കുന്നു. ഈ കനി ഭക്ഷിക്കാൻ പ്രേരിപ്പിച്ചാൽ ദൈവം നിന്നെ നശിപ്പിക്കില്ലേ? ഇതിന് പാമ്പ് പറയുന്ന മറുപടി ശ്രദ്ധേയമാണ്. ഈ പാമ്പും ആ പാമ്പും നശിക്കും. എന്നാൽ പാമ്പുകൾ എന്നും നിലനിൽക്കും. പാമ്പ് പ്രതിനിധാനം ചെയ്യുന്ന തിന്മയുടെ സാന്നിധ്യം ലോകത്ത് എന്നും ഉണ്‍ാകുമെന്ന് നാടകത്തിലെ സംഭാഷണം വ്യക്തമാക്കുന്നു.

സ്താ എന്ന സുറിയാനി ക്രിയാപദത്തിൽ നിന്നാണ് സാത്താന (സാത്താൻ) എന്ന പദം ഉത്ഭവിക്കുന്നത്. വഴി തെറ്റിയവൻ, വഴി തെറ്റിക്കുന്നവൻ എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. വഴിതെറ്റിയ മാലാഖമാരാണ് പിശാചുക്കളായി മാറിയത്. വഴിതെറ്റി പിശാചുക്കളായി മാറിയ തിന്മയുടെ ശക്തിയാണ് പാമ്പിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ആദിമാതാപിതാക്കന്മാരെ വഴിതെറ്റിച്ചത്. ആ തിന്മയുടെ ശക്തി ആദത്തിന്റെ മക്കളേയും വഴിതെറ്റിക്കാൻ സർവസന്നാഹങ്ങളുമായി കെണികളൊരുക്കുന്നു എന്ന വസ്തുത തിരിച്ചറിഞ്ഞ് വഴി തെറ്റാതിരിക്കാൻ നാം ജാഗ്രതയുള്ളവരാകണം. കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും തിന്മയുടെ ശക്തിയെ ഈശോമിശിഹാ പരാജയപ്പെടുത്തിയെങ്കിലും ബലഹീനമായ മനുഷ്യപ്രകൃതിയെ ലോകസുഖങ്ങളുടെ മായാവലയങ്ങളിലൂടെ വശീകരിച്ച് തന്റെ അധീനതയിലാക്കാൻ പൈശാചികശക്തി സദാ ശ്രമിക്കുന്നുണ്‍്.

ഈശോയുടെ തുടർച്ചയായ സഭയിൽ നിന്ന് വിശ്വാസികളെ അകറ്റാനായി മാർഗഭ്രംശം സംഭവിച്ച വ്യക്തികളുടെ രൂപത്തിൽ തിന്മയുടെ ശക്തി നമുക്കു ചുറ്റും എപ്പോഴും പ്രവർത്തനനിരതമാണ്. വഴിതെറ്റിക്കുന്ന കപടവ്യക്തിത്വങ്ങളും തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന ദുഷ്പ്രചാരണങ്ങളും നമുക്കുചുറ്റും ഉയരുമ്പോഴും സഭയെക്കുറിച്ചും സഭാശുശ്രൂഷകരെക്കുറിച്ചും നിഷേധാത്മകമായ ചിന്തകൾ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെടുമ്പോഴും സത്യത്തിന്റെ വഴിയിൽ നിന്ന് നാം ഇടറിവീഴാൻ സാധ്യതയുണ്‍്. അന്ധമായ വിരോധത്തിനും സങ്കുചിത മനോഭാവങ്ങൾക്കും വിഭാഗീയ ചിന്താഗതികൾക്കും അടിപ്പെട്ട്, പിശാചിന്റെ ഉപകരണങ്ങളായി പ്രവർത്തിച്ചുകൊണ്‍് ബ്ലോഗുകളിലൂടെയും ഫേയ്സ് ബുക്കിലൂടെയും ഇ മെയിലുകളിലൂടെയും ഊമക്കത്തുകളിലൂടെയും സഭാശുശ്രൂഷകർക്കെതിരെ സത്യവിരുദ്ധവും തരംതാണതുമായ പ്രചാരണങ്ങൾ നടത്തുവാൻ വിഷം ചീറ്റുന്ന പാമ്പുകളാണ്.

ഇക്കൂട്ടർ എഴുതിവിടുന്ന ഭാഷയുടെ നിലവാരം അവരുടെ സംസ്കാരശൂന്യതയിലേക്കും ധാർമ്മിക അധഃപതനത്തിന്റെ ആഴങ്ങളിലേക്കും വിരൽ ചൂണ്ടുന്നു. അവരുടെ ഹൃദയം ദുഷ്ടവും വക്രവും മലിനവുമാണ്. തിരുവചനം ഓർമ്മിപ്പിക്കുന്നതുപോലെ, ഹൃദയത്തിന്റെ തികവിൽ നിന്നാണല്ലോ വാക്കുകൾ പുറത്തുവരുന്നത്. ഇവരുടെ ഇന്നലെകളെയും ഇന്നിനെയും വിശകലനം ചെയ്യുമ്പോൾ നാണക്കേടുകൊണ്ട് മുഖം മറയ്ക്കേണ്ട ഗതികേടു വരും. വിരോചിതമായ സഹനത്തിന്റെയും മരണത്തിന്റെയും ചരിത്രമാണ് ക്രൈസ്തവസഭയുടേത്. ക്രിസ്തുവിൽ ആരംഭിച്ച ആ ധീരചരിത്രം അപ്പസ്തോലന്മാരുടെയും രക്ഷസാക്ഷികളുടെയും ചുടുചോരയിലൂടെ ശക്തി പ്രാപിച്ച് ലക്ഷക്കണക്കിന് വിശ്വാസികളുടെ കണ്ണീരിലും രക്തത്തിലും കലർന്ന് അനസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി ഇറാഖിലും സിറിയയിലും ലിബിയയിലുമെല്ലാം വീരചരമം പ്രാപിക്കുന്ന ആയിരക്കണക്കിന് ക്രിസ്ത്യാനികളുടെ രക്തം ക്രിസ്തുവിന്റെ കുരിശിൽ നിന്നൊഴുകിയ രക്തത്തിന്റെ തുടർച്ചയാണ്.

ഒരു വശത്ത് മുസ്ലീം തീവ്രവാദികൾ ക്രൂരമായ ശാരീരിക പീഡനത്തിലൂടെ ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യുമ്പോൾ മറുവശത്ത് സഭയ്ക്കുള്ളിൽ നിന്നുകൊുതന്നെ ചില നാമമാത്ര ക്രിസ്ത്യാനികൾ സത്യവിരുദ്ധവും തരംതാണതുമായ പ്രചാരണങ്ങൾ നടത്തിക്കൊണ്ട് ക്രിസ്തുവിന്റെ സഭയുടെ ആരാച്ചാരന്മാരായി മാറുന്നു. അങ്ങനെ ഒരേ നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെ, മുസ്ലീം തീവ്രവാദികളും അഭിനവ യൂദാസുമാരും ക്രിസ്തുശിഷ്യരുടെ അന്തകരായി മാറുന്നു. ഒറ്റലും ഒറ്റപ്പെടുത്തലും കാലുവാരലും കാലുമാറ്റവും മുഖമുദ്രകളാക്കി യൂദാസിസിന്റെ അനുചരന്മാരായി വർത്തിക്കുന്ന ഇക്കൂട്ടർ സ്വന്തം ജീവിതത്തിന്റെ ആഭ്യന്തരകലഹങ്ങളുടെ മൂർത്തരൂപങ്ങളാണ്. ദൈവത്തിനും ദൈവീകമൂല്യങ്ങൾക്കും വില കൽപ്പിക്കാത്ത ഇക്കൂട്ടരുടെ ജീവിതം യൂദാസിന്റേതുപോലെ വിലയില്ലാതായിത്തീരും എന്ന ദുഃഖസത്യം ഇവർ തിരിച്ചറിഞ്ഞിരുന്നെങ്കിൽ എത്രയോ നല്ലത്.

ക്രിസ്തുവിനും അവന്റെ സഭയ്ക്കുമെതിരെ പ്രവർത്തിച്ചവരുടെ അന്ത്യം അതിദയനീയമായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. യൂദാസിന്റെയും പീലാത്തോസിന്റെയും കയ്യാഫാസിന്റെയും കാലം മുതൽ ക്രിസ്തുശിഷ്യന്മാർക്കെതിരെ പട നയിച്ചവരുടെ ജീവിതം തകർന്ന തരിപ്പണമായി മാറിയ ചരിത്രമാണ് നമുക്കു മുമ്പിലുള്ളത്. ക്രിസ്തുവിന്റെ സഭയ്ക്കും അഭിഷിക്തർക്കുമെതിരെ ആഞ്ഞടിക്കുന്നവരുടെ ജീവിതവും കുടുംബവും ദൈവാനുഗ്രഹം ചോർന്നുപോയി. വിഷാദരോഗങ്ങളും അനിഷ്ടസംഭവങ്ങളും ഏറ്റുവാങ്ങി നാശത്തിനു കാരണമായ സംഭവങ്ങളും നിരവധിയുണ്ട്. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ ഉപേക്ഷിച്ച്, പിശാചുമായി കൈകോർക്കുന്നതിനാൽ നാശത്തിന്റെ പാതയിലാണ്. പിശാച് സർവനാശം വിതയ്ക്കുന്നവനാമെന്നത് മറക്കാതിരിക്കാം.

വിളയും കളയും ഒരുമിച്ചു വളരാൻ അനുവദിക്കുന്ന ദൈവതിരുമുമ്പിൽ സമൂഹത്തിൽ കഴ വിതയ്ക്കുന്നവർ താൽക്കാലികമായി ജയിച്ചെന്നു തോന്നിയേക്കാം. പക്ഷേ, അവരുടെ അന്ത്യം വിനാശമായിരിക്കുമെന്ന് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. കളകൾ, വിളകളെ വിഴുങ്ങാതിരിക്കാൻ നാം ജാഗ്രത കാട്ടണം. തിന്മയാകുന്ന പാമ്പുകളുടെ മാരകമായ വിഷദംശനത്തിൽ നിന്ന് രക്ഷപ്പെടാൻ ക്രിസ്തുവിനോടും അവിടുത്തെ സഭയോടും വിശുദ്ധ കുർബ്ബാനയോടും നമുക്കു ചേർന്നുനിൽക്കാം. ദുഷ്ടനേയും അവന്റെ കെണികളെയും പരാജയപ്പെടുത്താൻ ഉറപ്പുള്ള കോട്ടയും സംരക്ഷണവുമായ വിശുദ്ധ കുരിശിനെ നമുക്ക് മുറുകെപ്പിടിക്കാം. പിശാചിന് അപ്രാപ്യമായ കുരിശിലേക്ക് നമുക്ക് പറന്നുയരാം. തിന്മയുടെ ശക്തികൾക്ക് ഒരിക്കലും കടന്നുവരാനാവാത്ത കുരിശിന്റെ അഗ്രത്തിൽ നമുക്ക് വാസസ്ഥലമൊരുക്കാം.

റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്
ചാൻസിലർ, ചിക്കാഗോ സീറോ മലബാർ രൂപത